# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഒക്ടോബർ 15

# വാർത്താക്കുറിപ്പ്

## കരാർ അധ്യാപക ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ(ഐ.ഐ.ആർ.ബി.എസ്.) കരാർ അടിസ്ഥാനത്തിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി അധ്യാപകരെ നിയോഗിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് കരാർ. ഫിസിക്സ്-രണ്ട്(പൊതുവിഭാഗം-1, മുസ്ളിം-1), കെമിസ്ട്രി-രണ്ട്(പൊതുവിഭാഗം-1, എൽ.സി/എ.ഐ.-1), ബയോളജി-രണ്ട്(പൊതുവിഭാഗം-1, ഒ.ബി.സി.-1) എന്നിങ്ങനെയാണ് ഒഴിവ്. താൽപര്യമുള്ളവർ ada7@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലോ രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പി.ഡി. ഹിൽസ് പി.ഒ. കോട്ടയം-686560 എന്ന വിലാസത്തിലോ ഒക്ടോബർ 31നകം നിർദിഷ്ട മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കണം. വിശദവിവരം www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ഫോൺ: 0481 2732992.

(പി.ആർ.ഒ/39/1002/2020)

## എം.ഫിൽ ഫിസിക്സ്
## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സിൽ എം.ഫിൽ ഫിസിക്സ് പ്രോഗ്രാമിന് മുസ്ളിം, എസ്.ടി. വിഭാഗത്തിൽ ഓരോ സീറ്റൊഴിവുണ്ട്. യോഗ്യരായവർ ഒക്ടോബർ 31ന് വൈകിട്ട് നാലിനകം spap@mgu.ac.in എന്ന ഇ-മെയിലിലേക്ക് അപേക്ഷയും അനുബന്ധരേഖകളും അയയ്ക്കണം. വിശദവിവരത്തിന് ഫോൺ: 0481 2731043, 8547720276.

(പി.ആർ.ഒ/39/1003/2020)

## സിവിൽസർവീസ് പരീക്ഷ പരിശീലനം; അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്ന വിവിധ പരിശീലന പരിപാടികളിലേക്ക് ഒക്ടോബർ 27 വരെ ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈൻ അഭിമുഖത്തിന്റെയും യോഗ്യതപരീക്ഷയുടെയും അടിസ്ഥാനത്തിൽ 70 സീറ്റിലേക്കാണ് പ്രവേശനം. വിശദവിവരത്തിനും ഓൺലൈനായി അപേക്ഷ നൽകുന്നതിനും www.civilserviceinstitute.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ/39/1004/2020)

## കോവിഡിനൊപ്പം കുടിയേറ്റ പ്രതിസന്ധിയും രാജ്യം നേരിടുന്നു: ഡോ. ചിൻമെ ടുംബെ

കോവിഡ് 19 കാലത്ത് ആരോഗ്യപ്രതിസന്ധിക്കൊപ്പം കുടിയേറ്റ പ്രതിസന്ധിയും രാജ്യം നേരിടുന്നതായി അഹമ്മദാബാദ് ഐ.ഐ.ഐമ്മിലെ ഡോ. ചിൻമെ ടുംബെ പറഞ്ഞു. കോവിഡ് 19 കാലത്തെ കുടിയേറ്റവും പലായനവും; പ്രശ്നങ്ങളും വെല്ലുവിളികളും നയങ്ങളും എന്ന വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാല ഇന്ത്യൻ കുടിയേറ്റ പഠനകേന്ദ്രവും പുനെ ഫ്ളേം സർവകലാശാലയും ഡൽഹി ജി.ആർ.എഫ്.ഡി.റ്റിയും സംയുക്തമായി സംഘടിപ്പിച്ച ത്രിദിന വെബിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്ന അദ്ദേഹം.

കോവിഡിന്റെ ഭാഗമായി ലോക് ഡൗൺ പ്രഖ്യാപിക്കപ്പെട്ടതോടെ കുടിയേറ്റ തൊഴിലാളികൾ നാട്ടിലേക്ക് പൊടുന്നനെ മടങ്ങേണ്ട സ്ഥിതി സംജാതമായെന്നും വലിയ പ്രതിസന്ധി കുടിയേറ്റ തൊഴിലാളി മേഖല നേരിടുന്നതായും ഡോ. ചിൻമെ പറഞ്ഞു.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് വെബിനാർ ഉദ്ഘാടനം ചെയ്തു. കോവിഡും രാജ്യത്തെ കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങളുടെ രാഷ്ട്രീയവും എന്ന വിഷയത്തിൽ ഡോ. എം.വി. ബിജുലാൽ പ്രത്യേക പ്രഭാഷണം നടത്തി. ഒക്ടോബർ 17 വരെ നടക്കുന്ന വെബിനാറിൽ വിദ്യാഭ്യാസമേഖലയിലെ 60 പേർ പങ്കെടുക്കുന്നു. ഡോ. ശിവകുമാർ ജോലാർ, ഡോ. ദിവ്യ ബാലൻ, ഡോ. രാകേഷ് രഞ്ജൻ എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു. ഡോ. ലിറാർ പുളിക്കലത്ത്, വിന്നി ഡേവിസ് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/1005/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ